മലയാളത്തിന്റെ
പ്രിയ കഥാകാരൻ
ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്
നിങ്ങളുമായി
സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം



## വായിച്ചാൽ തല തിരിയുമോ?

എന്റെ ഇക്ക നന്നായി വായിക്കും. ഒരുപാട് അറിവുണ്ട്. ഇവൻ വായിച്ച് വായിച്ച് തല തിരിയോ എന്നാ എന്റെ പേടിയെന്ന് ഉപ്പ ഇടക്ക് തമാശയായി പറയാറുണ്ട്. കൂടുതൽ വായിച്ചാൽ തല തിരിഞ്ഞു പോവോ ശിഹാബ്ക്കാ..

**ഫെബിന റസാഖ്**
**ക്ലാസ് 9**
**കരുവാരക്കുണ്ട്**

☑ നല്ല പുസ്തകങ്ങൾ ആളുകളുടെ തല നേരെയാക്കുകയാണ് ചെയ്യുക. വായനയും അറിവ് ആർജ്ജിച്ചെടുക്കുകയും വഴി ഒരാൾക്ക് ഉയർന്ന ജീവിതാവബോധം സാധ്യമാകുന്നു. അതില്ലാത്ത ഒരാൾ ഒരു സ്ഥാപനത്തിന്റെ മേലധികാരിയായി വന്നാൽ ഒരുപാട് പരിമി തികൾ ആ സ്ഥാപനത്തിനുണ്ടാവും. പുസ്തകം വായിക്കാത്ത രാഷ്ട്രീയക്കാരാണ് നമ്മുടെ രാജ്യം കുളംതോണ്ടുന്നത്. നല്ല ഭരണാധികാരി പുസ്തകങ്ങളുടെ മഹത്വത്തെ നന്നായി മനസ്സിലാക്കും. ആ നാട് നന്നാവാൻ അയാൾ നിമിത്തമായിത്തീരും. ഇക്ക നന്നായി വായിക്കട്ടെ, ഫെ ബിനാ. അത് പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. ഇക്കയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഫെബിനയും നല്ല വായനക്കാരിയാവട്ടെ എന്ന് ആശംസിക്കുന്നു.

## നല്ല ജോലി ഏതാണ്?

നന്നായി പഠിച്ചാലേ നല്ല ജോലി കിട്ടൂ എന്നാണ് എല്ലാവരും പറയുന്നത്. ഏറ്റവും നല്ല ജോലി ഏതാണ് ശിഹാബ്ക്കാ....

**മൻസൂർ**
**ക്ലാസ് 8, ചെനക്കൽ**

☑ വളരെ നല്ല ചോദ്യമാണ്, ഏറ്റവും നല്ല ജോലി ഏതാണ്?

ഉത്തരം ലളിതം, നമ്മൾ ഏറ്റവും ആസ്വദിച്ച് ചെയ്യുന്ന ജോലി തന്നെ.

ആട്ടെ, ഇനി ഏറ്റവും ആസ്വാദനമുള്ള ജോലി ഏതാണ്, എങ്ങനെയാണ് കണ്ടെത്തുക എന്നതൊക്കെ പരിശ്രമം പോലെയിരിക്കും.



▸▸ ഒരു ഇന്ത്യൻ സംസ്ഥാനത്തെ മുഖ്യമന്ത്രിയായിത്തീർന്ന ആദ്യ മലയാളി വനിത– ജാനകി രാമചന്ദ്രൻ

ഒരാൾ തന്റെ ജോലി വലിയ അളവിൽ ആസ്വദിച്ച് ചെയ്യുമ്പോൾ അത് സർഗാത്മകമാവും. ജോലി സർഗാത്മകമാവുമ്പോൾ ചെയ്യുന്ന ജോലിയിൽ അവനവന്റേതായ സംഭാവനകൾ ചെയ്യാനാവും.

തങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെടാനാവുന്ന ജോലി എന്താണ്, അതിലേക്ക് എത്തിപ്പെടാനാവുന്നത് എങ്ങനെയാണ് എന്നതെല്ലാം ഗുണകരമായ വിധത്തിൽ കണ്ടെത്താനാവട്ടെ!



## ഉമ്മയുടെ കാലിന്നടിയിലെ സ്വർഗം

ഉമ്മയുടെ കാലിന്നടിയിലാണ് സ്വർഗം എന്നൊക്കെ ഒരുപാട് പേർ പ്രസംഗിക്കുന്നത് കേൾക്കാറുണ്ട്.. ഒന്ന് വിശദീകരിക്കാമോ ശിഹാബ്ക്കാ...

**ആയിശ മുംതാസ്**
**ക്ലാസ് 7**
**അത്താണി**

✓ ഒരാളിന്റെ കാൽപാദത്തിൽ സ്പർശിക്കുന്നത് അങ്ങേയറ്റത്തെ സ്നേഹം, ബഹുമാനം ഇവ നമുക്കുണ്ടാകുമ്പോഴാണല്ലോ. ക്രിസ്ത്യൻ സമൂഹത്തിൽ പാദശുശ്രൂഷ എന്ന ചടങ്ങ് തന്നെയുണ്ട്. അത്രയും പ്രിയപ്പെട്ടത്, സ്വർഗത്തെ പോലെ പ്രിയപ്പെട്ടത് എന്ന അർഥത്തിലാവാം ഈ പ്രയോഗം.

ഈ ഭൂമുഖത്ത് നാം ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് ഉമ്മമാരെ തന്നെയാണ്. കാരണം, അവർ നമുക്ക് വേണ്ടി അത്രയധികം കഷ്ടപ്പെട്ടവരാണ്. ഈ ഓർമ്മ നമുക്ക് വേണം. ആ അർഥത്തിലാണ് ഈ വാക്കിനെ നാം കാണുന്നത്.

◆





നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക ,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ കേരളത്തിലെ ഏറ്റവും വലിയ നദി- പെരിയാർ